# ചീറ്റപ്പുലികൾ മടങ്ങിവരുമ്പോൾ

ഡോ.എ.ബിജുകുമാർ

**ചീറ്റപ്പുലികൾ ഇന്ത്യയിൽ വംശനാശം സംഭവിച്ച ജന്തുക്കളാണ്. ഇന്ത്യയിലെ കാടുകളിലേക്ക് ഇവയെ മടക്കിക്കൊണ്ടുവരാനുള്ള പദ്ധതിക്ക് ഇപ്പോൾ രൂപം നൽകിയിരിക്കുന്നു. ഈ പദ്ധതി വിജയിക്കണമെങ്കിൽ നിരവധി കടമ്പകൾ കടക്കേണ്ടതുണ്ട്**

ഒരുകാലത്ത് ഭാരതത്തിലെ പുൽമേടുകളും കുറ്റിക്കാടുകളും നിറഞ്ഞ ആവാസവ്യവസ്ഥകളുടെ പതാകവാഹകരായ ജന്തുക്കളായിരുന്നു വേഗത്തിന്റെയും കരുത്തിന്റെയും പര്യായമായ ചീറ്റപ്പുലികൾ. നമ്മുടെ ആവാസ വ്യവസ്ഥകളുടെ കരുത്തും വന്യജീവി പൈതൃകത്തിന്റെ അടയാളങ്ങളുമായിരുന്ന ഈ സസ്തനികളെ വേട്ടയാടി രാജാക്കന്മാർ തങ്ങളുടെ കരുത്തുതെളിയിക്കുകയും പിന്നീട് ഇവയെ ഇണക്കി വളർത്തി വേട്ടയ്ക്ക് സഹായികളായി മാറ്റുകയും ചെയ്തു. തങ്ങൾക്ക് ജീവിക്കാനുള്ള ഇടങ്ങളിലേക്ക് മനുഷ്യൻ കടന്നുകയറുകയും നിരന്തരമായി വേട്ടയാടപ്പെടുകയും ചെയ്തപ്പോൾ ചീറ്റപ്പുലികളുടെ വംശംതന്നെ കുറ്റിയറ്റുപോയി. കിഴക്കൻ മധ്യപ്രദേശിൽ സുഗുജയിലെ മഹാരാജാവ് വെടിവെച്ചുകൊന്ന മൂന്ന് ചീറ്റപ്പുലികളിലൂടെയാണ് ഇവയുടെ സാന്നിധ്യം രാജ്യത്ത് അവസാനമായി രേഖപ്പെടുത്തപ്പെട്ടത്. ഇത് ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ച വർഷം തന്നെയായിരുന്നുവെന്നത് തികച്ചും യാദൃച്ഛികമാവാം.

ചീറ്റപ്പുലികൾ മൺമറഞ്ഞ് ആറ് ദശകങ്ങൾ കഴിയുമ്പോൾ അവയെ ആഫ്രിക്കയിൽ നിന്ന് തിരിച്ച് നാട്ടിലെത്തിക്കാനുള്ള 300 കോടി രൂപയുടെ ബൃഹത്തായ ഒരു പ്രോജക്ടിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിരിക്കുന്നു. ഇതനുസരിച്ച് മധ്യപ്രദേശിലും രാജസ്ഥാനിലുമായി തിരഞ്ഞെടുക്കപ്പെട്ട മൂന്ന് സ്ഥാനങ്ങളിൽ, ഓരോന്നിലും ആറെണ്ണം വെച്ച് മൊത്തം 18 ചീറ്റപ്പുലികളെ നാട്ടിലെത്തിക്കാനുള്ള പദ്ധതിക്കാണ് അംഗീകാരമായിരിക്കുന്നത്. മധ്യപ്രദേശിലെ കുനോ-പാൽപുർ, നൗറാദേഹി വന്യജീവി സങ്കേതങ്ങളിലും രാജസ്ഥാനിലെ ജയ്സാൽമീർ മേഖലയിലുമാണ് ചീറ്റപ്പുലികളെ വളർത്താൻ ഉദ്ദേശിക്കുന്നത്.



വൈവിധ്യമാർന്ന നിറത്തോടുകൂടിയ ശരീരം എന്ന് അർഥംവരുന്ന 'ചിത്രകായ' എന്ന സംസ്കൃതവാക്കിൽ നിന്നാണത്രെ 'ചീറ്റ'യുടെ ഉത്ഭവം. മെലിഞ്ഞ് ദൃഢമായ ശരീരവും മഞ്ഞകലർന്ന ഇളം തവിട്ടുനിറവും അതിൽ വട്ടത്തിലുള്ള കറുത്ത പൊട്ടുകളുള്ള ചെറിയ രോമങ്ങൾ ഉള്ള ചർമവും ചെറിയ തലയും അവയ്ക്കു മുകളിലായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന കണ്ണുകളും ചെറിയ ചെവികളും കണ്ണിന്റെ മൂലയിൽ നിന്ന് മൂക്കിന്റെ വശങ്ങളിലൂടെ വായ വരെയെത്തുന്ന 'കണ്ണീർ ചാലുകൾ പോലുള്ള കറുത്ത അടയാളവും മാർജാരവംശത്തിലെ മറ്റു ജന്തുക്കളിൽ നിന്ന് ഇവയെ വ്യതിരിക്തമാക്കുന്നു.

ആധുനിക തന്മാത്രാവർഗീകരണ പഠനങ്ങൾ ചീറ്റകളുടെ പൊതുവായ മുൻഗാമി ഏഷ്യയിൽ 11 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്നുവെന്ന് വ്യക്തമാക്കുന്നു. പിന്നീട് ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്ക് വ്യാപിച്ച ഇവ ഇപ്പോൾ കിഴക്കൻ, മധ്യ, തെക്കുകിഴക്കൻ ആഫ്രിക്കയുടെ ചില പ്രത്യേകഭാഗങ്ങളിലും ഏഷ്യയിൽ ഇറാനിലെ ചുരുക്കം ചില പ്രവിശ്യകളിലുമായി ചുരുങ്ങിയിരിക്കുന്നു. ആഗോളതലത്തിൽ നിലവിൽ ഇവയുടെ അംഗസംഖ്യ പതിനായിരത്തിനു താഴെയാണ്. പല ഭൂഭാഗങ്ങളിലായി ചീറ്റപ്പുലികളുടെ അഞ്ചോളം ഉപജാതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിൽ ഏറ്റവും ഗുരുതരമായി വംശനാശഭീഷണിയിലായിരിക്കുന്നത് ഏഷ്യൻ ചീറ്റപ്പുലികളാണ്. ഇറാനിലെ ജീവശാസ്ത്രജ്ഞനായ ഫോർമോസ് ആസാദിയുടെ നിരീക്ഷണങ്ങൾ അറുപതോളം ഏഷ്യൻ ചീറ്റകളേ ലോകത്ത് അവശേഷിക്കുന്നുള്ളൂ എന്ന് വ്യക്തമാക്കുന്നു. ഇവയിൽ മിക്കവയും ഇറാനിലെ കവിർ മരുഭൂമിയിലാണ്. അവശേഷിക്കുന്നവ ഇറാൻ - പാകിസ്താൻ അതിർത്തിയിലെ വരണ്ട ഭൂഭാഗങ്ങളിലും. യുദ്ധങ്ങൾ വ്യാപകമായ ഈ പ്രദേശങ്ങളിൽ ഇവയുടെ തുടർച്ച ചോദ്യചിഹ്നമായി നിൽക്കുന്നു. (ഒരു കാലത്ത് ഇന്ത്യൻ ചീറ്റ എന്നറിയപ്പെട്ടിരുന്ന ഇവ ഇപ്പോൾ ഇറാനിയൻ ചീറ്റ എന്ന് അറിയപ്പെടുന്നു!)

ചീറ്റപ്പുലികൾ വംശനാശത്തിന്റെ വക്കിലെത്താൻ നിരവധി കാരണങ്ങൾ ഉണ്ടെങ്കിലും ആവാസവ്യവസ്ഥ നാശമാണ് ഇതിൽ പ്രധാനപ്പെട്ടത്. ഭാരതത്തിൽ നിരന്തരമായ വേട്ടയാടലും കന്നുകാലികളുടെ സംരക്ഷണത്തിനായി ആട്ടിടയന്മാർ വ്യാപകമായി കൊലചെയ്തതും ഇവയുടെ നാശത്തിന് ആക്കം കൂട്ടി. ഒപ്പം, എണ്ണത്തിൽ കുറവായ ചീറ്റകളിൽ തുടർന്നുവരുന്ന അന്തഃപ്രജനനം (inbreeding) നിരവധി ജനിതകവൈകല്യങ്ങൾക്കും പ്രതിരോധശേഷിക്കുറവിനും പ്രത്യുത്പാദന വൈകല്യങ്ങൾക്കും കാരണമായി. ജനസംഖ്യയിൽ വളരെ ചെറിയ ജനിതക വൈവിധ്യശേഖരവുമായി ജീവിക്കുന്ന ചീറ്റപ്പുലികൾ ഒരു ജൈവജാതിയായി നിലനില്ക്കുന്ന കാര്യംതന്നെ സംശയമാണെന്ന് ചില ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

ചീറ്റപ്പുലിയെ രാജ്യത്ത് പുനഃപ്രവേശിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുന്നത് ഏതാനും വർഷങ്ങൾക്കു മുമ്പ് സെൻറർ ഫോർ സെല്ലുലാർ ആൻഡ് മോളിക്യുലാർ ബയോളജി (സി.സി.എം.ബി.) ഇവയുടെ ക്ലോണിങ് നടത്താൻ ആരംഭിച്ച പ്രോജക്ടിലൂടെയാണ്. ഇറാനിൽനിന്നു ചീറ്റയെ നല്കാൻ അവർ വിസമ്മതിക്കുകയും വിദഗ്ധ അഭിപ്രായം അവശേഷിക്കുന്ന ഏഷ്യൻ ചീറ്റകളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥകളിൽനിന്നും മാറ്റുന്നതിന് എതിരാവുകയും ചെയ്തപ്പോൾ പ്രസ്തുത പ്രോജക്ട് ഉപേക്ഷിക്കേണ്ടതായി വന്നു. തുടർന്ന് വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങൾ സംയുക്തമായി ചീറ്റപ്പുലിയെ വീണ്ടും ഇന്ത്യയിൽ എത്തിക്കുന്നതിന് ഒരു പദ്ധതി വിഭാവനം ചെയ്തു. ഇതിനായി ഇവർ ലോകത്ത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരുടെ സമ്മേളനം 2009 സപ്തംബറിൽ രാജസ്ഥാനിലെ ഗജ്നറിൽ സംഘടിപ്പിക്കുകയുണ്ടായി. വളരെയധികം വംശനാശഭീഷണി നേരിടുന്ന ഏഷ്യൻ ചീറ്റകൾക്കു പകരമായി എണ്ണത്തിൽ കൂടുതലുള്ള ആഫ്രിക്കൻ ചീറ്റകളെ നാട്ടിലെത്തിക്കാൻ സമ്മേളനത്തിൽ തീരുമാനമായി. ഏഷ്യൻ ചീറ്റകളും ആഫ്രിക്കൻ ചീറ്റകളും തമ്മിൽ കാര്യമായ ജനിതകവ്യതിയാനങ്ങൾ ഇല്ലെന്നും അവ തമ്മിൽ ഉപജാതികളായി വേർപെട്ടിട്ട് കേവലം 500 വർഷങ്ങൾ മാത്രമേ ആയിട്ടുള്ളൂ എന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു. തുടർന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ചീറ്റകളെ രാജ്യത്ത് പുനഃപ്രവേശിപ്പിക്കാൻ അനുയോജ്യമായ മേഖലകൾ കണ്ടെത്താൻ രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിൽ വിശദമായ സർവേ നടത്താൻ അനുമതി നല്കുകയും ചെയ്തു. ഇപ്രകാരം തയ്യാറാക്കിയ വിശദമായ റിപ്പോർട്ട് 2010 ജൂലായ് മാസത്തിൽ കേന്ദ്ര സർക്കാറിന് സമർപ്പിക്കുകയും കേന്ദ്ര സർക്കാർ 300 കോടിയുടെ പ്രോജക്ടിന് അനുമതി നല്കുകയും ചെയ്തു.

എന്നാൽ ഇത്തരം ബൃഹത്തായ പ്രോജക്ടിന്റെ പ്രായോഗികതയെ പല പരിസ്ഥിതിവാദികളും ഇപ്പോൾ ചോദ്യം ചെയ്യുന്നു. കിഴക്കൻ ആഫ്രിക്കൻ ചീറ്റകളെ കൃത്രിമമായി പ്രജനനം നടത്തുന്ന മധ്യപൗരസ്ത്യ പ്രദേശത്തുനിന്നും ചീറ്റകളെ ഇവിടെ എത്തിച്ചാലും തുടക്കത്തിൽ തുറന്ന മൃഗശാലകളിൽതന്നെ അവയെ സംരക്ഷിക്കേണ്ടിവരും. ആവാസവ്യവസ്ഥ നിലനിർത്താതെയും ഇരയുടെ സുസ്ഥിരമായ ലഭ്യത ഉറപ്പുവരുത്താതെയും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കാതെയും പരിപാലിക്കാൻ കഴിയില്ലെന്ന് ഒരുകൂട്ടം പരിസ്ഥിതി ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

സർക്കാർ മുൻകൈയെടുത്ത് ആഫ്രിക്കയിൽ നിന്ന് കുറേ ചീറ്റപ്പുലികളെ നമ്മുടെ വനാന്തരങ്ങളിൽ എത്തിച്ച് കൃത്രിമമായ ആഹാരങ്ങൾ നല്കി വളർത്തുന്നത് കുതിരയ്ക്കു മുമ്പിൽ വണ്ടിയിടുന്നതിന് സമാനമാണെന്ന് പ്രശസ്ത വന്യജീവി വിദഗ്ധനായ ഡോ ഉല്ലാസ് കാരന്ത് അഭിപ്രായപ്പെടുന്നു. ചീറ്റകളുടെ സ്വതന്ത്രവിഹാരത്തിന് അനുയോജ്യമായ ആയിരക്കണക്കിന് ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കന്നുകാലികളും മനുഷ്യരും ഇല്ലാത്ത, എന്നാൽ ചീറ്റപ്പുലിയുടെ ഇരകൾ നിറഞ്ഞ ഭൂപ്രദേശം ഇന്ത്യയിൽ എവിടെയാണ് നിലനില്ക്കുന്നത് എന്നും വ്യക്തമല്ല. കൂടാതെ, ചീറ്റപ്പുലികളെ ഒരു പ്രത്യേക പ്രദേശത്ത് വളർത്തുകയാണെങ്കിൽ അവിടെ മനുഷ്യവാസം ഒഴിവാക്കേണ്ടിവരും. പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാനങ്ങളിൽ നിലവിലുള്ള വന്യജീവികളും ചീറ്റപ്പുലികളും തമ്മിൽ ആഹാരത്തിനു വേണ്ടിയുള്ള മത്സരം എങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കുമെന്നും വ്യക്തമല്ല. ആഗോളതലത്തിൽ ചീറ്റപ്പുലി സംരക്ഷണ പദ്ധതികൾ നേരിടുന്ന പ്രധാന വെല്ലുവിളി അവയുടെ അന്തഃപ്രജനനവും അതുകൊണ്ടുണ്ടാകുന്ന ജനിതകവൈവിധ്യശോഷണവുമാണ്. കേവലം 18 ചീറ്റപ്പുലികളെ വെച്ച് നമ്മുടെ ആവാസവ്യവസ്ഥയിൽ പുനർവിന്യസിക്കാൻ തക്ക എണ്ണത്തിൽ ചീറ്റകളെ ലഭ്യമാക്കാൻ സാധിക്കുമോ എന്ന കാര്യവും സംശയമാണ്.

ഇനി ഭാരതത്തിൽ ഇതുവരെ നടത്തിയ വന്യജീവി പുനർവിന്യാസത്തിന്റെ ഫലങ്ങൾ പരിശോധിക്കാം. 1950-ൽ ചന്ദ്രപ്രഭ വന്യജീവി സങ്കേതത്തിൽ പുനർവിന്യസിക്കപ്പെട്ട സിംഹങ്ങൾ വേട്ടയാടപ്പെട്ടു. 1920-കളിൽ ദുർഗാപുറിൽ പുനർവിന്യസിക്കപ്പെട്ട കടുവകളെ 1950-ൽവെടിവെച്ചു കൊല്ലപ്പെട്ട നിലയിലാണ് കണ്ടെത്തിയത്. ഏഷ്യൻ സിംഹങ്ങൾ വന്യ-ആവാസവ്യവസ്ഥയിൽ അവശേഷിക്കുന്ന ഗീർവനങ്ങളിൽനിന്ന് കുറച്ച് സിംഹങ്ങളെ മാറ്റിപ്പാർപ്പിക്കാനുള്ള പദ്ധതി ജലരേഖയായി തുടരുന്നു. ഭാരതത്തിന്റെ ദേശീയ മൃഗമായ ബംഗാൾ കടുവകളെ സംരക്ഷിക്കാൻ നാം എന്തൊക്കെ ചെയ്തുവെന്നതും വിലയിരുത്തേണ്ടതാണ്. 1970-കളിൽ രാജ്യത്ത് കടുവകളുടെ എണ്ണം ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ ഇന്ദിരാഗാന്ധി മുൻകൈയെടുത്ത് സമർഥരായ ഉദ്യോഗസ്ഥരെയും ദീർഘദൃഷ്ടിയുള്ള ശാസ്ത്രജ്ഞരെയും ഉൾപ്പെടുത്തിയാണ് 'പ്രോജക്ട് ടൈഗർ' പദ്ധതി നടപ്പാക്കിയത്. ഇതിന്റെ ഫലം പ്രകടമായിരുന്നു. ഭാരതത്തിൽ കടുവകളുടെ എണ്ണം കാര്യമായി വർധിച്ചു. എന്നാൽ പിന്നീട് കാര്യക്ഷമതയില്ലാത്ത നേതൃത്വവും സംരക്ഷണ പ്രവർത്തനങ്ങളിലെ പാളിച്ചകളും കൂടിയായപ്പോൾ ഔദ്യോഗിക രേഖകൾ അനുസരിച്ച് രാജ്യത്ത് മൊത്തം കടുവകളുടെ എണ്ണം ഇപ്പോൾ 1500-ൽ താഴെയാണ്. രാജസ്ഥാനിലെ സരിസ്കാ കടുവസങ്കേതത്തിൽ കടുവകൾ ഒന്നുംതന്നെയില്ലാത്ത അവസ്ഥയും വന്നു.

ഭാരതത്തിൽനിന്ന് ചീറ്റപ്പുലികൾ തിരോധാനം ചെയ്യാനുണ്ടായ സാഹചര്യങ്ങൾ കുറച്ചുകൂടി രൂക്ഷമായ രീതിയിൽ നിലനില്ക്കുമ്പോൾ അവയെ വിജയകരമായി നമ്മുടെ ആവാസവ്യവസ്ഥകളിൽ പുനഃസ്ഥാപിക്കാനാവുമോ? ഇത്തരം ശ്രമങ്ങൾക്കു മുമ്പ് ചീറ്റകളെ പാർപ്പിക്കാൻ ഉദ്ദേശിക്കുന്ന ആവാസവ്യവസ്ഥ, ഇരകൾ, മനുഷ്യ-വന്യജീവി സംഘർഷം ഇവയെക്കുറിച്ചുള്ള വ്യക്തമായ അറിവുശേഖരണം അനിവാര്യമാണ്.

രാജ്യത്ത് നിലവിൽ വംശനാശഭീഷണി നേരിടുന്ന എല്ലാ ജീവികളുടെയും സംരക്ഷണം ഉറപ്പുവരുത്താൻ ഭാവനാപൂർണവും പ്രായോഗികവുമായ കർമപദ്ധതികൾ ഏറ്റെടുക്കാൻ നമുക്കു കഴിയണം. ലോകത്ത് ഏറ്റവും വേഗം ജനസംഖ്യാവർധന ഉണ്ടാകുന്ന രാജ്യമെന്ന നിലയിൽ ഭാരതത്തിൽ വന്യജീവികൾ നേരിടുന്ന പ്രധാന വെല്ലുവിളി ആവാസവ്യവസ്ഥാ നാശവും വേട്ടയുമാണ്. അതുകൊണ്ടുതന്നെ ചില സാഹചര്യങ്ങളിൽ ജനപങ്കാളിത്തത്തോടുകൂടിയും ചിലപ്രത്യേക സാഹചര്യങ്ങളിൽ വന്യജീവി സംരക്ഷണ പ്രദേശങ്ങളിൽ മനുഷ്യവാസം പൂർണമായും ഒഴിവാക്കി സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടിവരും.

*(കാര്യവട്ടത്തെ കേരള സർവകലാശാല അക്വാറ്റിക് ബയോളജി വിഭാഗത്തിൽ അധ്യാപകനാണ് ലേഖകൻ)*